**കേരള സർക്കാർ**
**ധനകാര്യ (രഹസ്യ) വകുപ്പ്**

നം 77/2020/ധന

തിരുവനന്തപുരം, തീയതി 01.12.2020

**പരിപത്രം**

**വിഷയം:-** **ധനകാര്യ വകുപ്പ് - ജീവനക്കാര്യം - 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് 2020 ലെ പത്രിക സമർപ്പണം - ഓൺലൈൻ (ഇന്റർനെറ്റ്) വഴി - സംബന്ധിച്ച്.**

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ മുപ്പത്തിയേഴാം ചട്ടപ്രകാരം പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും (ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി പതിനഞ്ചാം തീയതിക്കകം മുൻവർഷാവസാനത്തിൽ അവരുടെ കൈവശത്തിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്തിലോ ഉള്ള സ്ഥാവര-ജംഗമ വസ്തുക്കളും (movable / immovable properties) മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് ഓരോ പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

24.01.2007 ലെ സ.ഉ. (കൈ) നം.32/2007/പൊ.ഭ.വ. ഉത്തരവ് പ്രകാരം സ്വത്തു വിവരങ്ങൾ സംബന്ധിച്ച പത്രികാ സമർപ്പണം ഓൺലൈൻ വഴി (ഇന്റർനെറ്റ് മുഖേന) നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ധനകാര്യ (രഹസ്യ) വകുപ്പിൽ പത്രിക സമർപ്പിക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ 2020 ലെ പത്രികാ സമർപ്പണം 2021 ജനുവരി 15-നകം ഓൺലൈൻ വഴി നടത്തേണ്ടതാണ്. കടലാസ് മുഖേനയുള്ള പത്രികാ സമർപ്പണം സ്വീകരിക്കുന്നതല്ല.

ഓൺലൈൻ വഴി പത്രികാ സമർപ്പണം നടത്തുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ www.finance.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പത്രികാ സമർപ്പണം നടത്തേണ്ടതാണ്.

**മിനി വി.ആർ.,**
**ധനകാര്യ അഡീഷണൽ സെക്രട്ടറി.**

*ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെയുള്ള എല്ലാ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ.*
*കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാർ / ഫിനാൻഷ്യൽ അസിസ്റ്റന്റുമാർ / ഫിനാൻഷ്യൽ ഓഫീസർമാർ.*
*നോഡൽ ഓഫീസർ,* www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.